പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 537

6.3.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ മിഷൻെറ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി .ശ്രേയാംസ് കുമാർ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മിഷന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ)യും (ബി)യും കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം വിഭാവനം ചെയ്ത പദ്ധതികൾ അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷന് രൂപം നൽകിയിട്ടുണ്ട് |
| (ബി) പ്രസ്തുത മിഷൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ; | ബി) ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.<br>1. സംസ്ഥാനത്തു ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനിക വൽക്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക.<br>2. കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനും റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.<br>3. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.<br>4. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതികൾ. |

| | |
|---|---|
| സി) ഭക്ഷ്യ സംസ്ക്കരണ മിഷന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി)ഭക്ഷ്യ സംസ്ക്കരണ മിഷന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം വിപുലമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ